# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSATSR(P6 ) 983 /2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 01/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATSR(P6 ) 983 /2022. തീയ്യതി: 01/07/2022

## തൃശ്ശൂർ ജില്ലയിലെ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-07-2019 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 06-06-2022 | 13-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-06-2022 | 13-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ഷോബി വി പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി റീന ജോസഫ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി പ്രവിദ പി എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സുനിൽ പി ബി ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സ്റ്റാൻലി പി എസ് ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യ എ സുരേന്ദ്രൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സി.ജെ .ആന്റോ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ദീ പ.എം .കെ | സെക്രട്ടറി | 01-04-2019 | 24-04-2019 |
| കെ .ഷിപുദാസ് | സെക്രട്ടറി | 25-04-2019 | 27-10-2019 |
| സുരേഷ്.കെ .എസ് | സെക്രട്ടറി | 28-10-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ദീപ.എം .കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| നിമിഷ വി കൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ.മായാദേവി എം ആർ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ഗ്രീഷ്മ പി | മെഡിക്കൽ ഓഫീസർ, (ഹെൽത്ത് സെന്റർ) | 01-04-2019 | 31-03-2020 |
| ഡോ.ആഗ്നസ് ക്ളീറ്റസ് | മെഡിക്കൽ ഓഫീസർ, ആയൂർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ.രമ്യ എസ് പിള്ള | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.പി ബി പദ്മജ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| പൂർണ്ണിമ കെ ദാസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| സി വി സുഷമ | ഡയറി ഫാം ഇൻസ്റ്റ്രക്റ്റർ | 01-04-2019 | 31-03-2020 |
| കെ ഐ ജോയ്സി | പ്രധാനാധ്യാപിക | 01-04-2019 | 31-03-2020 |
| രേഖ എം ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കൈപ്പറമ്പ് സർക്കിൾ | 01-04-2019 | 03-07-2019 |
| ഒഴിവ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കൈപ്പറമ്പ് സർക്കിൾ | 04-07-2019 | 15-07-2019 |
| ദീപക് പി ഗോകുൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കൈപ്പറമ്പ് സർക്കിൾ | 16-07-2019 | 31-03-2020 |
| സിന്ധു പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പേരാമംഗലം സർക്കിൾ | 01-04-2019 | 03-07-2019 |

| | | | |
|---|---|---|---|
| ബിന്ദു കെ ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പേരാമംഗലം സർക്കിൾ | 04-07-2019 | 19-09-2019 |
| ഷാജു എം എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പേരാമംഗലം സർക്കിൾ | 19-09-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shobby.V.P (Audit Officer, On 10-06-2022)<br>Last Updated By: P.V.Baby (Audit Officer, On 15-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Dhanya.A (Auditor, On 10-06-2022)<br>Last Updated By: P.V.Baby (Audit Officer, On 15-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Dhanya.A (Auditor, On 10-06-2022)<br>Last Updated By: P.V.Baby (Audit Officer, On 15-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Dhanya.A (Auditor, On 10-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Dhanya.A (Auditor, On 10-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 03-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Dhanya.A (Auditor, On 10-06-2022)<br>Last Updated By: P.V.Baby (Audit Officer, On 15-06-2022) | 1-6 |
| 7 | ക്ഷേമപെൻഷനുകൾ<br>Written By: Dhanya.A (Auditor, On 10-06-2022)<br>Last Updated By: P.V.Baby (Audit Officer, On 15-06-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Dhanya.A (Auditor, On 10-06-2022)<br>Last Updated By: P.V.Baby (Audit Officer, On 15-06-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Sunil.P.B (Asst. Audit Officer, On 12-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-9 |
| 10 | അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: Dhanya.A (Auditor, On 09-06-2022)<br>Last Updated By: P.V.Baby (Audit Officer, On 15-06-2022) | 1-10 |
| 11 | സഞ്ചയ-സാംഖ്യ പൊരുത്തപ്പെടുന്നില്ല<br>Written By: Dhanya.A (Auditor, On 09-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 03-07-2022) | 1-11 |
| 12 | സഞ്ചയ- അപാകത<br>Written By: Dhanya.A (Auditor, On 09-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-12 |
| 13 | വസ്തുനികുതി-മുൻകൂർ തുക സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Dhanya.A (Auditor, On 09-06-2022)<br>Last Updated By: P.V.Baby (Audit Officer, On 15-06-2022) | 1-13 |
| 14 | വസ്തുനികുതി ഡിമാന്റ് പ്രതിമാസം ചേർക്കുന്നില്ല<br>Written By: Dhanya.A (Auditor, On 09-06-2022)<br>Last Updated By: P.V.Baby (Audit Officer, On 15-06-2022) | 1-14 |
| 15 | വസ്തുനികുതി മുൻകൂർ -ക്രമീകരിച്ച തുകയിൽ വ്യത്യാസം<br>Written By: Dhanya.A (Auditor, On 09-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-15 |
| 16 | ജേണൽ എൻട്രികൾക്ക് ആധികാരികമായ രേഖകളില്ല<br>Written By: Dhanya.A (Auditor, On 09-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-16 |
| 17 | ലൈബ്രറി സെസ്സ് തുകയിൽ വ്യത്യാസം | 1-17 |

| | | |
|---|---|---|
| | Written By: Dhanya.A (Auditor, On 09-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | |
| 18 | പ്രതിമാസ ഡിമാന്റ് എൻടി ഇല്ല<br>Written By: Dhanya.A (Auditor, On 09-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-18 |
| 19 | ഡി &ഒ കുടിശ്ശിക ഇനത്തിൽ വരവ്<br>Written By: Dhanya.A (Auditor, On 09-06-2022)<br>Last Updated By: P.V.Baby (Audit Officer, On 15-06-2022) | 1-19 |
| 20 | തൊഴിൽ നികുതി (ജീവനക്കാർ)- കുടിശ്ശിക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Dhanya.A (Auditor, On 10-06-2022)<br>Last Updated By: P.V.Baby (Audit Officer, On 15-06-2022) | 1-20 |
| 21 | വാടക-ഡിമാന്റിനേക്കാൾ അധികം വരവ്<br>Written By: Dhanya.A (Auditor, On 09-06-2022)<br>Last Updated By: P.V.Baby (Audit Officer, On 15-06-2022) | 1-21 |
| 22 | പ്രൊവിഷൻ -വർക് ഷീറ്റ്,ജേണൽ വൗച്ചർ ഇല്ല<br>Written By: Dhanya.A (Auditor, On 09-06-2022)<br>Last Updated By: P.V.Baby (Audit Officer, On 15-06-2022) | 1-22 |
| 23 | Prior Period Item-വർക്ക് ഷീറ്റ് ഇല്ല<br>Written By: Dhanya.A (Auditor, On 09-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-23 |
| 24 | ആസ്തി രജിസ്റ്റർ കാലികമല്ല<br>Written By: Dhanya.A (Auditor, On 09-06-2022)<br>Last Updated By: P.V.Baby (Audit Officer, On 15-06-2022) | 1-24 |
| 25 | ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ വൗച്ചർ, വർക്ക് ഷീറ്റ് ഇല്ല<br>Written By: Dhanya.A (Auditor, On 09-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-25 |
| 26 | ഡിപ്രിസിയേഷൻ-വർക് ഷീറ്റ്,ജേണൽ വൗച്ചർ ഇല്ല<br>Written By: Dhanya.A (Auditor, On 10-06-2022)<br>Last Updated By: Dhanya.A (Auditor, On 10-06-2022) | 1-26 |
| 27 | Capital Work In Progress-തുകയിൽ വ്യത്യാസം<br>Written By: Dhanya.A (Auditor, On 10-06-2022)<br>Last Updated By: Dhanya.A (Auditor, On 10-06-2022) | 1-27 |
| 28 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -കൃത്യമല്ല<br>Written By: Dhanya.A (Auditor, On 09-06-2022)<br>Last Updated By: Dhanya.A (Auditor, On 10-06-2022) | 1-28 |
| 29 | Capital Contribution രേഖപ്പെടുത്തുന്നില്ല<br>Written By: Dhanya.A (Auditor, On 10-06-2022)<br>Last Updated By: Dhanya.A (Auditor, On 10-06-2022) | 1-29 |
| 30 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Dhanya.A (Auditor, On 09-06-2022)<br>Last Updated By: Dhanya.A (Auditor, On 10-06-2022) | 1-30 |
| 31 | വായ്പ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: Dhanya.A (Auditor, On 10-06-2022)<br>Last Updated By: Dhanya.A (Auditor, On 10-06-2022) | 1-31 |
| 32 | തൊഴിൽ നികുതി<br>Written By: Sunil.P.B (Asst. Audit Officer, On 13-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-32 |
| 33 | എ ബി സി പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: P.A.Pravida (Audit Officer, On 09-06-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 13-06-2022) | 1-33 |
| 34 | കെൽട്രോണിന് അധികം തുക അടവാക്കി<br>Written By: P.A.Pravida (Audit Officer, On 09-06-2022)<br>Last Updated By: Sunil.P.B (Asst. Audit Officer, On 13-06-2022) | 1-34 |
| 35 | പ്രത്യേക കന്നുകുട്ടി പരിപാലനം-അധിക വിഹിതം എസ് എൽ ബി പി യിൽ | 1-35 |

| | | |
|---|---|---|
| | നിന്നും ഈടാക്കേണ്ടതാണ്<br>Written By: P.A.Pravida (Audit Officer, On 09-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | |
| 36 | ഡയറി ഫാം ഇൻസ്ട്രക്ടർ ക്യാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിച്ചിട്ടില്ല.<br>Written By: Shobby.V.P (Audit Officer, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-36 |
| 37 | റോഡു പ്രവൃത്തികൾക്ക് 5% ന പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.<br>Written By: Shobby.V.P (Audit Officer, On 12-06-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-37 |
| 38 | കാലി ബാരലിന്റ വില ബിറ്റുമിനു ചെലവു ചെയ്ത ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല. /കാലി ബാരലിന്റ വിലയിന്മേൽ GST ഈടാക്കിയിട്ടില്ല.<br>Written By: Shobby.V.P (Audit Officer, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-38 |
| 39 | GST Compensation ഇനത്തിൽ -അനർഹമായി അനുവദിച്ച ₹50183 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shobby.V.P (Audit Officer, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-39 |
| 40 | പ്രൊജക്റ്റ് നം. 47/19-20 മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: Stanley P S (Asst. Audit Officer, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 26-06-2022) | 1-40 |
| 41 | ഭൂജല വകുപ്പിൽ ഡെപ്പോസിറ്റ് വർക്ക് - പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Reena Joseph (Audit Officer, On 13-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-41 |
| 42 | വിവിധ പ്രവർത്തികളുടെ പൂര്ത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: Reena Joseph (Audit Officer, On 13-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-42 |
| 43 | ICDS സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്ടുകൾ സംബന്ധിച്ച്<br>Written By: Reena Joseph (Audit Officer, On 13-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 1-43 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Dhanya.A (Auditor, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Dhanya.A (Auditor, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Dhanya.A (Auditor, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Dhanya.A (Auditor, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 4-4 |

| | | |
|---|---|---|
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Dhanya.A (Auditor, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: P.A.Pravida (Audit Officer, On 13-06-2022)<br>Last Updated By: P.A.Pravida (Audit Officer, On 13-06-2022) | 4-6 |
| 7 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Dhanya.A (Auditor, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Dhanya.A (Auditor, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 30-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Dhanya.A (Auditor, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 03-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Dhanya.A (Auditor, On 12-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 03-07-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 25.02.2019, തീരുമാനം നം.1(1) | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 20,21,60,30,750 | 18,60,69,675 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 24.03.2020, തീരുമാനം നം. 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 19,53,95,942 | 17,92,85,675 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 11.09.2020 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,48,23,290 |
| വരവ് | 6,14,65,075 |
| ആകെ | 8,62,88,365 |
| ചെലവ് | 5,76,03,004 |
| നീക്കിയിരിപ്പ് | 2,86,85,361 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം (ACR പ്രകാരം) | 0 | 12022118 | 12022118 | 10376976 | 1645142 |
| വികസനഫണ്ട് എസ്.സി.പി.(ACR പ്രകാരം) | 0 | 6755882 | 6755882 | 3871646 | 2884236 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 9729398 | 9729398 | 4184125 | 5545273 |
| സംരക്ഷണ ഗ്രാന്റ് റോഡ് (ACR പ്രകാരം) | 0 | 11052000 | 11052000 | 3427264 | 7624736 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് (ACR പ്രകാരം) | 0 | 3794000 | 37,94,000 | 2815263 | 978737 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | അടങ്കൽ | നടപ്പിലാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പിലാ | പൂർത്തീകരിച്ചതിന്റെ |
|---|---|---|---|---|---|---|

| ലഭിച്ചവ (എണ്ണം) | (തുക) | (എണ്ണം) | ചെലവ് | നടപ്പിലാക്കിയത് | ക്കാത്തത് | ശതമാനം |
|---|---|---|---|---|---|---|
| 221 | 83120710 | 128 | 38734576 | 93 | 0 | 57.91 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 17630 | 1047597 | 1065227 | 696863 | 368364 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 8965605 | 8965605 | 8965605 | 0 |

## 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 25200 | 15 |
| കർഷകതൊഴിലാളി പെൻഷൻ | 1715400 | 463 |
| വിധവാ പെൻഷൻ | 4770000 | 1361 |
| വാർദ്ധക്യകാലപെൻഷൻ | 6888300 | 2043 |
| വികലാംഗപെൻഷൻ | 1193200 | 336 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 759600 | 216 |
| വിധവകളുടെ പെണ്മക്കൾക്കുള്ള വിവാഹധനസഹായം | 30000 | 1 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.06.2022 തീയതിയിൽ 3.30PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 67,658/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. രജിസ്റ്ററുകൾ, ഫയലുകൾ, വൗച്ചറുകൾ എന്നിവ യഥോചിതം പരിപാലിച്ചു പോരുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം നന്നായി പ്രവർത്തിച്ചു വരുന്നു. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-10 അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)).

## 1-11 സഞ്ചയ-സാംഖ്യ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി

രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1 തൻവർഷം

1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3244158 | 2977958 | 95394 | 179934 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3244158 | 2968830 | 95394 | *180186 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *( 189195/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4014643 | 3461610 | 100739 | 474361 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 4014643 | 3442057 | 100739 | *474442 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(498164 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.കുടിശ്ശിക

2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 311417 | 271334 | 49606 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | *343016 | 261811 | **49904 |
| | *(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (267113+93054 =360167/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (52399/105X100) |

2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 651850 | 364203 | 288604 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 658675 | 363246 | 289552 |
| | (2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*(436608+255001 =691609/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(304030/105X100) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു.<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-12 സഞ്ചയ- അപാകത

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായി ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:1-11 ഖണ്ഡികയിലെ പട്ടികകൾ).

## 1-13 വസ്തുനികുതി-മുൻകൂർ തുക സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 13857 | 11343 |

## 1-14 വസ്തുനികുതി ഡിമാന്റ് പ്രതിമാസം ചേർക്കുന്നില്ല

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20വർഷത്തിൽ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ 302 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-20ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക

വർഷത്തെ ഡിമാന്റ് മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-15 വസ്തുനികുതി മുൻകൂർ -ക്രമീകരിച്ച തുകയിൽ വ്യത്യാസം

2018-19 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2019-20 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior Period Items"എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആസ്പദമാക്കിയ വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/19 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2019-20ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 20763 | 95394 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 16600 | 100739 |

## 1-16 ജേണൽ എൻട്രികൾക്ക് ആധികാരികമായ രേഖകളില്ല

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 158770/-രൂപ ക്യാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായോ ലഭിച്ചതല്ലായെന്നും "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1 റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41900406 | 31.03.2020 | 74631 |

2 നോൺ-റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1. | 41900407 | 31.03.2020 | 84139 |

## 1-17 ലൈബ്രറി സെസ്സ് തുകയിൽ വ്യത്യാസം

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ)1043788/-രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 49704/-രൂപയാണ് (1043788/105X5 ). എന്നാൽ ഈ ശീർഷകത്തിൽ

51283/-രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-18 പ്രതിമാസ ഡിമാന്റ് എൻടി ഇല്ല

2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക 1-14ൽ ചേർത്തിട്ടുണ്ട്)

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 826596 | 01.04.2019 | 41900003 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-19 ഡി &ഒ കുടിശ്ശിക ഇനത്തിൽ വരവ്

2018-19 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 “Sundry Debtors(receivables)എന്ന ഷെഡ്യൂൾപ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനത്തിന് കുടിശ്ശിക ഇല്ല. എന്നാൽ 2019-20 ലെ RP 43 പ്രകാരം കുടിശ്ശിക ഇനത്തിൽ വരവുണ്ട്.

| ക്ര.ന | വരുമാനം | ശീർഷകം | RP 43 പ്രകാരമുള്ള തുക |
|---|---|---|---|
| 1 | ഡി &ഒ | 431300102-Receivables For Licence Fees For Dangerous And Offensive Trades(Arrear) | 4600 |

## 1-20 തൊഴിൽ നികുതി (ജീവനക്കാർ)- കുടിശ്ശിക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

തൊഴിൽ നികുതി (ജീവനക്കാർ) ഡി സി ബി രജിസ്റ്റർ പ്രകാരം 454190/-രൂപ കുടിശ്ശികയുണ്ട്. തൊഴിൽ നികുതി (ജീവനക്കാർ) തുക യഥാർത്ഥത്തിൽ സ്വീകരിക്കുമ്പോൾ മാത്രം വരുമാനമായി ചേർത്താൽ മതിയെന്ന് പഞ്ചായത്തുകൾ പിന്തുടരേണ്ടുന്ന അക്കൗണ്ടിംഗ് നയങ്ങളിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ (സർക്കാർ ഉത്തരവ് 152/2011/ത സ്വ ഭ വ തി.26/07/2011) ഈ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാകുന്നു.

## 1-21 വാടക-ഡിമാന്റിനേക്കാൾ അധികം വരവ്

2018-19 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 “Sundry Debtors(receivables) എന്ന ഷെഡ്യൂൾപ്രകാരം വാടക ഇനത്തിൽ 657/- രൂപ കുടിശ്ശികയാണ് ഉള്ളത്. എന്നാൽ 2019-20 ലെ RP 43 പ്രകാരം കുടിശ്ശിക ഇനത്തിൽ 34825/-രൂപ വരവുണ്ട്.

## 1-22 പ്രൊവിഷൻ -വർക് ഷീറ്റ്,ജേണൽ വൗച്ചർ ഇല്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15(a) പ്രകാരം, വസ്തുനികുതി ഇനത്തിൽ, ലഭിക്കാൻ ബാക്കിയുള്ള തുകയിൽ, ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി 31/3/2020 പ്രകാരമുള്ള തുക ചേർത്തിട്ടുണ്ട് . വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | 2019-20 ൽ | 31/3/2020 ലെ |
|---|---|---|---|

| | | പ്രൊവിഷനായി രേഖപ്പെടുത്തിയ തുക | അക്യുമുലേറ്റഡ് പ്രൊവിഷൻ ബാക്കി |
|---|---|---|---|
| 1. | 432100101-Accumulated Provision For Outstanding Property Tax | --- | 200721 |

എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-23 Prior Period Item-വർക്ക് ഷീറ്റ് ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണോ എന്ന് ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 106230 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 67289 |
| 280100102-Prior Period Income -Profession Tax -Institutions/professionals/traders | (24070) |
| 280100105-Prior Period Income -Service Cess On Residential Buildings | 15324 |
| 280100106-Prior Period Income -Service Cess On Non Residential Buildings | 14005 |
| 280200101-Prior Period Income-Rent From Building | (47760) |
| 280200401-Prior Period Income-Other Income | (2950) |
| 280800101-Prior Period-licence Fees | (4600) |
| 280800701-Prior Period- Miscellaneous Expenses | (1044768) |

## 1-24 ആസ്തി രജിസ്റ്റർ കാലികമല്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-25 ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ വൗച്ചർ, വർക്ക് ഷീറ്റ് ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011 ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ

എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-26 ഡിപ്രിസിയേഷൻ-വർക് ഷീറ്റ്,ജേണൽ വൗച്ചർ ഇല്ല

2019-20 വർഷത്തെ Income And Expenditureപത്രിക പ്രകാരം 65,90,681/-രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-27 Capital Work In Progress-തുകയിൽ വ്യത്യാസം

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/2020 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2020 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 7,76,640/-രൂപയാണ്. എന്നാൽ 31/3/2020ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 17,65,424/-രൂപ യാണ്.

## 1-28 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -കൃത്യമല്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 38,62,071/- രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,24,49,491/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-29 Capital Contribution രേഖപ്പെടുത്തുന്നില്ല

31/3/2019 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുക തന്നെയാണ് (5,24,49,132) 31/3/2020 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-30 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും,വാടകയിനത്തിലും കുടിശ്ശിക ഉണ്ട്.എന്നാൽ നികുതി ,നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 ,കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-31 വായ്പ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

വായ്പ ഇനത്തിൽ തൻവർഷം B5പ്രകാരം 31/3/2020 ൽ 93,70,000/-രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ ഈ വിവരങ്ങൾ രേഖപ്പെടുത്തിയ വായ്പ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-32 തൊഴിൽ നികുതി

ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച് അപാകതകൾ ചുവടെ ചേർക്കുന്നു.

1) താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തിന്റെ രണ്ടാം പകുതിയിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. ഇവരിൽ നിന്നും തൊഴിൽ നികുതി അടവാക്കാത്തവരുണ്ടെങ്കിൽ അവരുടെ പേരിൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി 22/13.06.22ൽ ആവശ്യപ്പെട്ടിരുന്നതാണ് എന്നാൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലെ ക്രമ നമ്പർ | രജിസ്റ്റർ പ്രകാരം 2019-20 ആദ്യ പകുതിയിൽ സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം | ആദ്യ പകുതിയിൽ നികുതി അടവാക്കിയ രശീതി നമ്പർ/തീയതി | തുക (₹) |
|---|---|---|---|---|---|
| 1 | Hail Stone Innovations Pvt. Ltd. | 52 | 369 | 119180500045/ 29.08.19 | 2,99,500 |
| 2 | Terra Floor | 56 | 20 | 119180105974/ 12.11.19 | 11,280 |
| 3 | Terra Con | 57 | 13 | 11918105973/ 12.11.19 | 7,600 |
| 4 | Shriram Auto Mall India Ltd. | 70 | 7 | 119180104357/ 28.09.19 | 5,250 |
| 5 | Gemco Rubber Products (P) Ltd. | 78 | 55 | 119180500125/ 19.12.2019 | 37180 |
| 6 | Thinkal Products | 86 | 6 | 119180104636/ 11.10.2019 | 2400 |
| 7 | Water Care Envio Solutions | 88 | 9 | 119180104099/ 03.09.20 | 5700 |
| 8 | Ardra Builders | 89 | 4 | 119180104242/ 16.09.2019 | 540 |
